ആലോചിച്ചിട്ടുമില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈസ് ചാൻസിലറേയും ഡോ. കെ. സി. ജോസഫിനേയും വിളിച്ചുകൂട്ടി ഈ കാര്യത്തിൽ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. എ. ഐ. സി. ടി. ഇ. യുടെ അംഗീകാരം നഷ്ടപ്പെടാത്തവിധത്തിൽത്തന്നെ അതിന് ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രി അന്ന് വിളിച്ചു കൂട്ടിയ ആ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് പറയാൻകൂടി ആഗ്രഹിക്കുന്നു.

(4) അനിതയുടെ തിരോധാനം

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശൂർ ജില്ലയിലെ പുലരിനഗറിൽ ചാത്തൻകുളത്ത് ശ്രീ. ആനന്ദന്റെ മകൾ അനിത 9-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്. അഞ്ചേരി സെന്റ് റാഫേൽ സ്ക്കൂളിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ 11-3-2005-ൽ സീരിയലിൽ അഭിനയിപ്പിക്കാമെന്നുപറഞ്ഞുകൊണ്ട് ചില ആളുകൾ ആ കുട്ടിയെ തട്ടിക്കൊണ്ടുപോകുകയാണുണ്ടായത്. ഇത്രയും ദിവസമായിട്ടും കുട്ടിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലാണ് ഈ കുട്ടിയുള്ളത്. ബിജു, സംഗീത്, സന്ദീപ്, ശ്രീജിത്, സനീഷ് എന്നു പറയുന്ന 5 പേരാണ് കുട്ടിയെ തട്ടിക്കൊണ്ടു പോയതെന്നാണ് പറയുന്നത്. പ്രതികളെ സംബന്ധിച്ച് വ്യക്തമായ ധാരണ പോലീസിന് കിട്ടിയിട്ടുണ്ടെങ്കിലും പ്രതികളെ അറസ്റ്റു ചെയ്യാനോ കുട്ടിയെ കണ്ടെത്താനോ ഇതുവരെ കഴിഞ്ഞിട്ടില്ല. സെക്സ് റാക്കറ്റിന്റെ കയ്യിൽ കുട്ടി എത്തപ്പെട്ടിരിക്കുന്നു എന്നുള്ള സംശയം ബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരാൾ പിടിക്കപ്പെട്ടിട്ടുണ്ട് എന്നാണ് പറയുന്നത്. ആ പിടിക്കപ്പെട്ട ആളിൽനിന്നും കിട്ടിയ വിവരമനുസരിച്ച് ഈ കുട്ടി ഏതോ സെക്സ് റാക്കറ്റിന്റെ കയ്യിൽ എത്തപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. സീരിയൽ അഭിനയത്തിന്റെ മറവിൽ ഇന്ന് നമ്മുടെ കേരളത്തിൽ വ്യാപകമായി സെക്സ് റാക്കറ്റ് വളർന്നുവരുകയാണ്. ഈ കുട്ടിയെ എത്രയും പെട്ടെന്ന് കണ്ടെത്തി സെക്സ് റാക്കറ്റിൽ നിന്നും രക്ഷപ്പെടുത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം, ഈ കുട്ടിയുടെ അച്ഛന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് എടുത്ത് അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്. 4 പ്രതികളെക്കുറിച്ച് പോലീസിന് വ്യക്തമായിട്ടുള്ള സൂചന കിട്ടി. അതിൽ ശ്രീജിത്ത് എന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം പ്രതിയെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റു ചെയ്യാനും കുട്ടിയെ കണ്ടെത്താനും വേണ്ടിയിട്ടുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടക്കുകയാണ്. അതിന് ഒരു അലംഭാവവും ഉണ്ടായിട്ടില്ല. ഇതുപോലുള്ള സംഭവങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാകുന്നത് തടയണമെങ്കിൽ ഇങ്ങനെയുള്ളവർക്കെതിരെ കർശനമായിട്ടുള്ള നിയമ നടപടികളുണ്ടായേ മതിയാകൂ. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും എടുക്കുമെന്ന് ഉറപ്പു പറയുന്നു.

(5) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

ശ്രീ. തമ്പാനൂർ രവി : സർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആറ് ഗവേഷണ സ്ഥാപനങ്ങളുണ്ട്. അത് Centre for Earth Science Studies, Centre for Water Resources Development and Management, Kerala Forest Research Institute, National Transportation Planning and Research Centre, Tropical Botanical Garden and Research Institute, Rajiv Gandhi Centre for Bio-Technology എന്നിവയാണ്. ഈ ആറ് സ്ഥാപനങ്ങളിലെല്ലാം കൂടി 843 ജീവനക്കാരുണ്ട്. സയന്റിസ്റ്റുകളുണ്ട്. സാങ്കേതിക വിദഗ്ദ്ധരുണ്ട്. മറ്റ് ജീവനക്കാരുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇവരുടെ പെൻഷൻ സംബന്ധിച്ചും മറ്റു ചില സർവ്വീസ് കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റിന് നിവേദനം നല്കുകയാണ്. ഇതുവരെയും അത് അനുഭാവപൂർവ്വം പരിഗണിച്ചിട്ടില്ല. കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വളർച്ചയ്ക്ക് വളരെ നിർണ്ണായകമായ സംഭാവന ചെയ്തിട്ടുള്ള ആളുകളാണ് ഈ വിഭാഗം ജീവനക്കാരും ശാസ്ത്രജ്ഞരും. ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ ഇവരെ നമുക്കു സഹായിക്കുവാൻ കഴിയും. 'സ്റ്റഡി'ന്റെ കീഴിൽ ഒരു പ്രമേയം പാസ്സാക്കി ഗവൺമെന്റിന്റെ ഭാഗമാക്കി ഇവരെ മാറ്റിയെടുക്കുവാൻ കഴിഞ്ഞാൽ ഇവരുടെ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. 2004 മാർച്ച് വരെ 15.78 കോടി രൂപ ഇ.പി.എഫ്. ഇനത്തിൽ ഇവർക്ക് ബാങ്ക് ബാലൻസുണ്ട്. ഈ ആനുകൂല്യം നടപ്പിലാക്കുന്നതിന് ഒരു വർഷം ഒരു കോടി മുപ്പത്തിയൊന്നു ലക്ഷം രൂപ മാത്രമാണ് ചെലവു വരുന്നത്. പതിനഞ്ചു കൊല്ലം പെൻഷൻ കൊടുത്താലും ഈ തുക തീരുകയില്ല. വളരെ അനുഭാവപൂർവ്വം പരിഗണിക്കേണ്ട ഒരു പ്രധാനപ്പെട്ട വിഷയം എന്നുള്ള നിലയ്ക്ക് ഗവൺമെന്റ് മുൻകയ്യെടുത്ത് ഇതിന് പരിഹാരം കാണുകയും ബന്ധപ്പെട്ട പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly